മാധ്യമം
THE FIRST INTERNATIONAL INDIAN NEWSPAPER
July 8, 2016

# മത്തി വക നഷ്ടം 150 കോടി



കൊച്ചി: ഇഷ്ട മത്സ്യമായ മത്തി കിട്ടാതായതോടെ കഷ്ടത്തിലായത് സാധാരണക്കാർ മാത്രമല്ല; സർക്കാറും. കറിച്ചട്ടിയിൽനിന്ന് മത്തി അപ്രത്യക്ഷമായതിനൊപ്പം സംസ്ഥാനത്തുണ്ടായ വരുമാന നഷ്ടം 150 കോടി രൂപയാണ്. ഒപ്പം മത്സ്യബന്ധന മേഖലയിൽ 28 ശതമാനം പേർക്ക് തൊഴിൽ നഷ്ടവും. മത്തിയുടെ വിലയിൽ 60 ശതമാനത്തിൻെറ വർധനയുണ്ടാവുകയും ചെയ്തു.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തിയ പഠനറിപ്പോർട്ടിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്. മത്തിക്ഷാമം മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും പഠനം വ്യക്തമാക്കുന്നു. മത്സ്യമേഖലയെ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് മന്ത്രി ജെ. മെഴ്സിക്കുട്ടിയമ്മ സി.എം.എഫ്.ആർ.ഐയിൽ ഗവേഷണ സ്ഥാപനങ്ങളുടെ യോഗം വിളിച്ചിരുന്നു. ഈ യോഗത്തിലാണ് മത്തിക്ഷാമത്തെപ്പറ്റിയുള്ള റിപ്പോർട്ട് മന്ത്രിക്ക് സമർപ്പിച്ചത്.

അതിർത്തി കടന്നുള്ള മത്സ്യബന്ധനം, പ്രജനനസമയത്തിലെ മാറ്റം, എൽനിനോ പ്രതിഭാസം, അമിതമായ തോതിൽ കുഞ്ഞുങ്ങളെ പിടിച്ചെടുക്കൽ തുടങ്ങിയവയാണ് ജനകീയ മത്സ്യമായ മത്തി കുറയുന്നതിനുള്ള പ്രധാന കാരണങ്ങളായി കണ്ടെത്തിയത്. 2010-12 കാലയളവിൽ വൻതോതിൽ കുഞ്ഞുങ്ങളെ പിടിച്ചത് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ മത്തി കുറയുന്നതിന് പ്രധാന കാരണമായി. ഈ വർഷവും മത്തിവർധനക്ക് സാധ്യതയില്ല. സി.എം.എഫ്.ആർ.ഐ ഫിഷറി എൺവയൺമെന്റ് ആൻഡ് മാനേജ്മെന്റ് ഡിവിഷൻ മേധാവി ഡോ വി. കൃപയുടെ നേതൃത്വത്തിലാണ് പഠനം നടന്നത്. മത്തിക്ഷാമത്തിന് പരിഹാരമായി മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ച് കടത്തുന്നതിനുള്ള നിരോധം കൂടുതൽ ശക്തമാക്കണമെന്നാണ് നിർദേശം. മത്സ്യബന്ധന വലയുടെ നീളവും ആഴവും കുറക്കണമെന്നും നിർദേശമുണ്ട്.